നം. 20/2017/SRG/CC

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.07.2017 കൂടിയ യോഗത്തിന്റെ നടപടി കുറിപ്പ്**

**യോഗം രാവിലെ 11.30 ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണവകുപ്പ മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.**

## 1 പദ്ധതി നിർവഹണം

1.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 11.07.2017 വരെയുള്ള പുരോഗതി യോഗം അവലോകനം ചെയ്തു

പദ്ധതി ചെലവ് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 5.17 % |
| ബ്ലോക്ക് പഞ്ചായത്ത് | 6.12 % |
| ജില്ലാ പഞ്ചായത്ത് | 3.49 % |
| മുനിസിപ്പാലിറ്റികൾ | 6.60% |
| കോർപ്പറേഷൻ | 4.61 % |
| ആകെ | 5.21% |

ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് പദ്ധതി ചെലവ് കൂടുതൽ ആണെങ്കിലും ത്രൈമാസ ലക്ഷ്യത്തെക്കാൾ പദ്ധതിചെലവ് കുറവാണെന്ന് യോഗം വിലയിരുത്തി. പല നഗരസഭകളുടേയും പദ്ധതി ചെലവ് വളരെ കുറവാണെന്നും ചിലർക്ക് പൂജ്യമാണെന്നും നിരീക്ഷിച്ചു. ഇത്തരം നഗരസഭകളിലെ സെക്രട്ടറിമാരോട് വിശദീകരണം ആരായാൻ തീരുമാനിച്ചു. മെച്ചപ്പെട്ട പദ്ധതി ചെലവ് കൈവരിച്ച തിരുവല്ല, ആലുവ നഗരസഭകളെ യോഗം അഭിനന്ദിച്ചു.

260 ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ചെലവ് പൂജ്യം ആണ്. ഈ ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാരോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന വിശദീകരണം ആരായണം. പദ്ധതി ചെലവ് കുറവുള്ള തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രത്യേകം ബന്ധപ്പെട്ട ഡയറകടർമാർ അവലോകനം ചെയ്യണം.

ശാസ്ത്രീയമായ അവലോകന രീതി ഡയറക്ടർമാർ അവലംബിക്കണം. എങ്കിൽ മാത്രമേ വകുപ്പുമേധാവികൾക്ക് കോഓർഡിനേഷൻ കമ്മിറ്റിയിൽ അവലോകന റിപ്പോർട്ടും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളും കൃത്യമായി അവതരിപ്പിക്കാൻ കഴിയൂ.

1.2 അടുത്ത കോഓർഡിനേഷൻ കമ്മിറ്റി മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ, പാസായവ, മാറ്റിവച്ചവ എന്നിവ എത്രയെന്ന് ഓരോ വകുപ്പ മേധാവികളും കൃത്യമായി നൽകണം.

1.3 നിർവഹണ ഉദ്യോഗസ്ഥർ ട്രഷറിയിൽ ബിൽ സമർപ്പിച്ചാൽ അവ മാപ്പ് ചെയ്യണം. സമർപ്പിക്കപ്പെട്ട ബില്ലുകൾ പെന്റിംഗ് ആയി കിടക്കുന്നത് ഒഴിവാക്കണം.

2 <u>**പൊതുവിഷയങ്ങൾ**</u>

2.1 2015-16-ൽ പുതുതായി എടുത്തതും 2016-17-ൽ സ്പിൽഓവറായി തുടരുന്നതുമായ പ്രോജക്ടുകൾ 31.03.2017-ന മുമ്പ് പൂർത്തിയാക്കി 30.06.2017 ന മുമ്പ് ബിൽ തുക നൽകിയാൽ ഇത്തരം പ്രോജക്ടുകൾക്ക് ക്യാരിഓവർ തുക നൽകും എന്ന് അറിയിച്ചിരുന്നു. കൂടാതെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ വർഷത്തെ സ്പിൽഓവർ പ്രോജക്ടുകൾക്ക് പരമാവധി ചെലവ് 30.06.2017-ന വരുത്തണ മെന്നും നിർദ്ദേശിച്ചിരുന്നു.

എല്ലാത്തരം സ്പിൽഓവർ പ്രോജക്ടുകളും 30.06.2017-ന മുമ്പ് പൂർത്തിയാ ക്കണമെന്ന് പല തദ്ദേശഭരണ സ്ഥാപനങ്ങളും തെറ്റായി ധരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന രീതിയിൽ സ്പഷ്ടീകരണം നൽകാൻ തീരുമാനിച്ചു.

**2017-18-ലെ സ്പിൽഓവർ പ്രോജക്ടുകൾ നിർവഹണം നടത്തുന്നതിന് 31.03.2018-വരെ സമയം എടുക്കാവുന്നതും ഇതിന്റെ ബിൽ തുക 31.03.2018-നകം നൽകേണ്ടതുമാണ്. കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം 2015-16-ന മുൻപുള്ള പ്രോജക്ടുകളും 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യുന്നുണ്ട്. അവയ്ക്ക് 2017-18-ലെ ബഡ്ജറ്റ് വിഹിതമോ തനത് ഫണ്ടോ ഉപയോഗിക്കണം. ഇത്തരം പ്രോജക്ടുകളുടെ നിർവഹണത്തിനും 31.03.2018 വരെ സമയം അനുവദിക്കുന്നു. എന്നാൽ ഓരോ ത്രൈമാസവും 25% തുക ചെലവഴിക്കണമെന്ന നിബന്ധന ഉള്ളതിനാൽ സ്പിൽഓവർ പ്രോജക്ടുകളുടെ നിർവഹണം എത്രയും വേഗം പൂർത്തിയാക്കി ബിൽ തുക നൽകാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.**

(നടപടി - തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

2.2 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഓരോ ത്രൈമാസത്തിലും 25 ശതമാനം ബഡ്ജറ്റ് തുക ചെലവഴിക്കത്തക്ക രീതിയിൽ പദ്ധതി നിർവഹണം ക്രമപ്പെടുത്തേണ്ടതാണ്. 2018 മാർച്ചിൽ പരമാവധി 15 ശതമാനം തുകയെ ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. ഓരോ തദ്ദേശഭരണ സ്ഥാപനവും ബന്ധപ്പെട്ട

നിർവഹണ ഉദ്യോഗസ്ഥരും ഇത് കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കണം. ഇത് പാലിക്കുക എന്നത് നിർവഹണ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കും.

ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ചെലവ് കൈവരിക്കുന്നുണ്ടോ എന്ന് സംസ്ഥാനതലത്തിൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ വിലയിരുത്തേണ്ടതും ജില്ലാതലത്തിൽ ഡി.പി.സി അവലോകനം നടത്തേണ്ടതുമാണ്. ജില്ലാതല അവലോകനം ഫലപ്രദമാക്കുന്നതിന് ഓരോ ത്രൈമാസത്തിലും ബ്ലോക്ക്തല അവലോകനം കാര്യക്ഷമമായി നടത്തേണ്ടതാണ്. ഡി.പി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ബ്ലോക്ക്തല യോഗത്തിൽ കഴിവതും സ്ഥലങ്ങളിൽ ജില്ലാ കളക്ടർമാർ പങ്കെടുക്കണം. ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) എന്നിവർ നിർബന്ധമായും എല്ലാ യോഗത്തിലും പങ്കെടുക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ, സെക്രട്ടറി, എല്ലാ നിർവഹണ ഉദ്യോഗസ്ഥന്മാർ എന്നിവർ നിർബന്ധമായും ബ്ലോക്ക്തല അവലോകനത്തിൽ പങ്കെടുക്കണം. ബ്ലോക്ക്തല യോഗം ജില്ലാ കളക്ടർ വിളിച്ചുചേർക്കുന്നതിനാൽ ജില്ലാ കളക്ടറുടെ അനുമതിയോടെയല്ലാതെ നിർവഹണ ഉദ്യോഗസ്ഥന്മാർ യോഗത്തിൽ ഹാജരാകാതിരിക്കാൻ പാടില്ല. ബ്ലോക്ക്തല യോഗങ്ങളുടെ മിനിട്സ് ക്രോഡീകരിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ ചീഫിനു നൽകണം. ചീഫ് ക്രോഡീകരിച്ച റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കണം.

ബ്ലോക്ക്തല അവലോകനങ്ങളിൽ താഴെപ്പറയുന്നവ പ്രത്യേകം ശ്രദ്ധിക്കണം

(i) ഓരോ മേഖലയുടേയും പദ്ധതി പുരോഗതി അവലോകനം, ആകെ പ്രോജക്ടുകൾ, അവയുടെ നിർവഹണ ഘട്ടം, പദ്ധതി ചെലവ്, നിർവഹണം എന്നു പൂർത്തിയാവും ഇവ കൃത്യമായി വിലയിരുത്തണം.

(ii) നിർവഹണത്തിനു തടസ്സമായ പ്രശ്നങ്ങൾ ബ്ലോക്ക് തലത്തിൽ തന്നെ പരിഹരിക്കണം. ആവശ്യമായവ ജില്ലാ കളക്ടറുടേയും, ജില്ലാ ആസൂത്രണ സമിതിയുടേയും ശ്രദ്ധയിൽകൊണ്ടു വന്ന് പരിഹരിക്കണം.

(iii) സംസ്ഥാനതലത്തിൽ ഇടപെടൽ ആവശ്യമുള്ളവ എസ്.ആർജി. മുഖേന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.

(iv) ഓരോ ജില്ലയിലേയും അവലോകന കലണ്ടർ ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ ചീഫിനെ മുൻകൂട്ടി അറിയിക്കണം.

(നടപടി – പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ, സി.ആർ.ഡി
എസ്.ആർ.ജി, ആസൂത്രണബോർഡ്
തദ്ദേശസ്വയംഭരണ(ഡി.ബി), (എഫ്.എം) വകുപ്പ്)

2.3 ബഹു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14 ജില്ലകളിലും അവലോകന യോഗം കൂടുന്നുണ്ട്. 21.08.2017–ൽ കാസറഗോഡ് ആദ്യയോഗം നടക്കും. ബഹു.മന്ത്രിയുടെ അവലോകനയോഗങ്ങൾ നടക്കുന്നതിനു മുമ്പ് ബ്ലോക്ക്/ജില്ലാതല യോഗങ്ങൾ പൂർത്തിയാക്കണം.

(നടപടി – പഞ്ചായത്ത് ഡയറക്ടർ)

2.4 പല തദ്ദേശ ഭരണ സ്ഥാപനങ്ങളും 2017–18 വാർഷിക പദ്ധതിയിലെ (ഡി.പി.സി അംഗീകരിച്ചവ) പ്രോജക്ടുകൾ നിർവഹണം നടത്തുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യപ്പെടുന്നുണ്ട്. ഇവ പലതും മാർഗരേഖയിൽ പ്രതിപാദിക്കാത്തതിനാലോ മാർഗരേഖയിൽ നിന്നു ചെറിയ വ്യതിയാനം ഉള്ളതിനാലോ ആണ്.

ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ഇത്തരം പ്രോജക്ടുകൾ മാനദണ്ഡങ്ങളും മറ്റും പരിശോധിച്ച് വെറ്റിംഗ് നടത്തേണ്ടത് വെറ്റിംഗ് ഓഫീസറാണ്. വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല എങ്കിൽ ജില്ലാതലത്തിൽ അപ്പീൽ കമ്മിറ്റികൾ ഉണ്ട്. വെറ്റിംഗ് ഓഫീസറുടേയും അപ്പീൽ കമ്മിറ്റിയുടേയും പരിശോധനയ്ക്കു ശേഷമുള്ള അപ്പീൽ മാത്രമേ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയൊള്ളൂ.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

2.5 മാർഗരേഖയിൽ പ്രധാന നഗരസഭാ പ്രദേശങ്ങളിൽ ഷീ ലോഡ്ജിംഗ് ശൃംഖല ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. 17 നഗരസഭകൾ ഇതിനായി പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നഗരസഭാ ചെയർ പേഴ്സൺമാരേയും ബന്ധപ്പെട്ടവരേയും ഉൾപ്പെടുത്തി ഒരു യോഗം 28.07.2017 ൽ വിളിക്കാൻ തീരുമാനിച്ചു. യോഗം വിളിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി – തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്)

2.6 തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനത്തിന് താഴെപ്പറയും പ്രകാരമാണ് ടാക്സ് ഈടാക്കുന്നത്.

(i) **VAT – 4%**

(ii) സർവീസ് ടാക്സ്

**(a)** പുതിയ കെട്ടിട നിർമ്മാണം **– 5%**

**(b)** കെട്ടിട മെയിന്റനൻസ് – 10.5%

ഈ നികുതികൾക്ക് പകരമായി 01.07.2017 മുതൽ ജി.എസ്.ടി. പ്രാബല്യത്തിൽ വന്നു. ഇത് എത്രയാണെന്നതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്/എഞ്ചിനീയർമാർക്ക് നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദമായ ഉത്തരവിറക്കാൻ നികുതി വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. പ്രോജക്ട് വെറ്റ് ചെയ്യാനും സാങ്കേതികാനുമതി നൽകാനും കാലതാമസം ഉണ്ടാകരുത്. സാങ്കേതികാനുമതി തുകയ്ക്ക് **GST** ബാധകമായിരിക്കും എന്നു കാണിച്ച് സാങ്കേതികാനുമതി നൽകാവുന്നതാണ്. ഇൻപുട്ട് ക്രെഡിറ്റ് കൂടി കുറയ്ക്കുമ്പോൾ **GST** തുക കുറഞ്ഞിരിക്കും എന്ന് യോഗം വിലയിരുത്തി. നികുതി വകുപ്പിന്റെ ഉത്തരവു വരുന്നതുവരെ മുകളിൽ പറഞ്ഞ പ്രകാരം നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചീയർ ഇന്നു തന്നെ കത്ത് നൽകേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(ഇ.ഡബ്ളിയു) വകുപ്പ്
തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ)

2.7 ഖര മാലന്യ സംസ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് പ്രോജക്ട് വയ്ക്കാൻ മുൻഗണന നൽകണ മെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും, ആവശ്യമനുസരിച്ച് വലിയ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കാനും നിർദ്ദേശിച്ചിരുന്നു. ഇതിലേയ്ക്ക് ആവശ്യമായ സാങ്കേതിക സഹായം ക്ലീൻ കേരള കമ്പനി ലഭ്യമാക്കും എന്ന് 23.03.2017–ലെ കോഓർഡിനേഷൻ കമ്മറ്റിയിൽ തീരുമാനിച്ചിരുന്നു. മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ക്ലീൻ കേരള മിഷൻ മാനദണ്ഡ പ്രകാരമുള്ള ടെണ്ടർ നടപടികൾ പാലിക്കേണ്ടതാണ്. ടെണ്ടർ നടപടി കൂടാതെ ക്ലീൻ കേരള മിഷൻ മുഖേന പ്രോജക്ടുകൾ നടപ്പാക്കാവുന്നതല്ല. ക്ലീൻ കേരള മിഷൻ അംഗീകരിച്ച ടെണ്ടർ തുക ഉയർന്ന പരിധിയായി കണക്കാക്കി ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി ടെണ്ടർ വിളിക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്)

2.8 6 മീറ്ററിൽ താഴെയുള്ള റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളെ അനുവദിക്കണമെന്ന് ചില ബ്ലോക്ക് പഞ്ചായത്തുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് പരിഗണിക്കേണ്ടതുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഗ്രാമവികസന കമ്മീഷണറേയും തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെയും ചുമതലപ്പെടുത്തി.

(നടപടി - ഗ്രാമവികസന കമ്മീഷണർ
തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ
തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്)

2.9 ചില തദ്ദേശഭരണ സ്ഥാപനങ്ങൾ അങ്കണവാടികൾ എയർ കണ്ടീഷൻ ചെയ്യാൻ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. അങ്കണവാടികൾ എയർ കണ്ടീഷൻ ചെയ്യാൻ പ്രോജക്ടുകൾ എടുക്കാൻ പാടില്ല എന്നു തീരുമാനിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്)

2.10 ബഹു.എം.എൽ.എ മാർ മുഖേന നൽകുന്ന അപേക്ഷകളിന്മേൽ കോഓർഡിനേഷൻ കമ്മിറ്റി എടുക്കുന്ന തീരുമാനം ബഹു.എം.എൽ.എ മാർക്ക് നേരിട്ട് നൽകണമെന്ന് തീരുമാനിച്ചു.

(നടപടി - എസ്.ആർ.ജി)

## 3 <u>പ്രത്യേക വിഷയങ്ങൾ</u>

### 3.1 **<u>കരിങ്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.06.2017 -ലെ A1/06/2017-ാം നമ്പർ കത്ത്</u>**

പഞ്ചായത്ത് മലമ്പ്രദേശത്തായതിനാൽ മിക്ക റോഡുകളും കോൺക്രീറ്റ് ചെയ്യണമെന്നും പൊതുവിഭാഗം ഫണ്ടിന്റെ 30 ശതമാനം തുക ഇതിന് അപര്യാപ്തമാണെന്നും അറിയിച്ചിരിക്കുന്നു. അതിനാൽ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് നടത്താൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u> :-** റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ റോഡുകൾ കോണ്ക്രീറ്റ് ചെയ്യാവുന്നതല്ല. എന്നാൽ വെള്ളം കെട്ടിക്കിടക്കുന്ന ഭാഗം പോലുള്ളവ ബന്ധപ്പെട്ട എഞ്ചിനീയറുടെ ശുപാർശയോടെ ഇന്റർലോക്ക് കട്ട പാകുകയോ ആ ഭാഗം മാത്രം കോൺക്രീറ്റ് ചെയ്യുകയോ ആകാം.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

3.2 **<u>തുക്കൊടിത്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.06.2017-ലെ കത്തും 15.06.2017-ലെ 1(1)ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

പഞ്ചായത്ത് 2014-15 വർഷം ലോക ബാങ്ക് വിഹിതമായി 42,36,000/- രൂപയും 2016-17 വർഷം 43,48,354 രൂപയും ലഭിച്ചു. ആകെ 85,88,070/- രൂപ. ഇത് ഉപയോഗിച്ച് ഇൻഡോർ സ്റ്റേഡിയം, പി.എച്ച്.സി. കെട്ടിടം, പകൽ വീട്, ആഞ്ഞിലി വേലിക്കുളം നവീകരണം, മണിമുറി പഞ്ചായത്ത് ഹാൾ, കൃഷിഭവൻ ഹാൾ എന്നിവയ്ക്കായി പ്രോജക്ടുകൾ നടപ്പാക്കി വരുന്നു. 2014-15-ലെ വിഹിതം ലഭിക്കില്ല എന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ പ്രോജക്ടുകൾ പൂർത്തിയാക്കാൻ തനത് ഫണ്ട്/2017-18-ലെ പദ്ധതി വിഹിതം എന്നിവ കുറവായതിനാൽ 2014-15-ലെ ലോക ബാങ്ക് വഹിതം ക്യാരിഓവർ തുകയായി അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** :- നിലവിലെ സർക്കാർ ഉത്തരവനുസരിച്ച് 2014-15-ലെ വിഹിതം ലഭിക്കില്ല. ഫണ്ട് പ്രത്യേകമായി അനുവദിക്കണമെന്ന് ഗ്രാമപഞ്ചായത്തിന് നേരിട്ട് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.3 **<u>കോട്ടയം ജില്ലാ കളക്ടറുടെ 16.06.2017-ലെ 490/17/DPC/DPO/KTM നമ്പർ കത്തും കടപ്ലാമറ്റം പഞ്ചായത്ത് പ്രസിഡന്റിന്റെ 14.06.2017-ലെ A2-227/17-ാം നമ്പർ കത്തും</u>**

2017-18 വാർഷിക പദ്ധതിയിൽ പതിനാലാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടുള്ള ആർ.ഡി.ബി. ലോൺ തിരിച്ചടവ്, അങ്കണവാടി കെട്ടിട നിർമ്മാണം എന്നീ പ്രോജക്ടുകൾ ഡി.പി.സി. അംഗീകരിച്ചില്ല. ഈ പ്രോജക്ടുകൾക്ക് പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** :- അനുമതി നിരസിച്ചു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇത്തരം പ്രോജക്ടുകൾക്ക് ഉപയോഗിക്കാവുന്നതല്ല.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**3.4 <u>ബഹു. വൈപ്പിൻ എം.എൽ.എയുടെ 08.06.2017-ലെ കത്തും ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 30.05.2017-ലെ കത്തും</u>**

6 മീറ്ററിൽ താഴെയുള്ള റോഡ് പ്രവൃത്തികൾ ഏറ്റെടുക്കാൻ ബ്ലോക്ക് പഞ്ചായത്തിനെ അനുവദിക്കണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** :- അനുമതി നിരസിച്ചു

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

**3.5 ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 10.11.2016-ൽ ബഹു. മുഖ്യമന്ത്രിക്കു നൽകിയ കത്ത്.**

വേനൽക്കാലമാകുമ്പോൾ സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്നു എന്നും അതിനു പരിഹാരമായി വ്യാപകമായ കിണർ റീചാർജിംഗ് പരിപാടി നടപ്പാക്കണമെന്നതും സംബന്ധിച്ച്

**തീരുമാനം** :- കിണർ റീചാർജിംഗിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ വയ്ക്കാവുന്നതാണ്. ചെലവിന്റെ 80 ശതമാനമോ, (എസ്.സി/എസ്.റ്റി വിഭാഗത്തിന് 100 ശതമാനം) പരമാവധി 6000/- രൂപയോ നൽകാവുന്ന താണ്.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ഡി)വകുപ്പ്)

**3.6 വേങ്ങര ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 13.06.2017-ലെ കത്ത്**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 400 ഹെക്ടർ സ്ഥലത്തെ 125 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കുന്നതിന് "വലിയോറ പാടത്ത് ചാലി തോട് നവീകരണം" എന്ന പ്രോജക്ടിന് (നം.212/17 അടങ്കൽ 4.95 ലക്ഷം രൂപ) ഡി.പി.സി. അംഗീകാരം നൽകിയിരുന്നു. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാനാണ് നിശ്ചയിച്ചിരുന്നത്. പ്രോജക്ടിന് അംഗീകാരം ലഭിച്ച ഉടനെ പഞ്ചായത്തിനെ അറിയിക്കാതെ ഗ്രാമവാസികൾ ചാലിതോട് നവീകരണ പദ്ധതി തുടങ്ങി. കരാറിൽ ഏർപ്പെടാതെ നടത്തിയ പ്രവൃത്തികൾ പഞ്ചായത്ത് നിർത്തി വയ്പ്പിച്ചു. നിയമ വിരുദ്ധമായി ചെയ്ത പ്രവൃത്തികൾ കരാറിൽ ഏർപ്പെട്ട് നിയമവിധേയമാക്കാനും നവീകരണം നടത്തിയപ്പോൾ ലഭിച്ച മണ്ണ് ലേലം ചെയ്യാനും അനുമതി സംബന്ധിച്ച്

**തീരുമാനം** - (1) കരാറിൽ ഏർപ്പെടാതെ ചെയ്ത പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല.
(2) മണ്ണ് ലേലം ചെയ്യുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ജിയോളജി വകുപ്പിന്റെ അനുമതി യോടെ തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**3.7കൊറ്റങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.04.2017-ലെ കത്ത്**

ത്രിതല പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന അക്കൗണ്ടന്റ് കം ഐ.ടി. എക്സ്പർട്ട് ജീവനക്കാരുടെ സേവനം 30.06.2017-ൽ അവസാനിക്കുകയാണ്. ഇവരുടെ സേവനം കിലയുടേയോ, പഞ്ചായത്ത് വകുപ്പിന്റേയോ നിയന്ത്രണത്തിൽ ആക്കി ഈ തസ്തിക ദീർഘകാലാടിസ്ഥാന ത്തിൽ നിലനിർത്തണമെന്ന് ആവശ്യം സംബന്ധിച്ച്

**തീരുമാനം** :- ഈ പ്രോജക്ട് തീർന്നതിനാൽ ഇനി തുടരേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

**3.8 കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.04.2017-ലെ കത്ത്**

പഞ്ചായത്തിന്റെ സുസ്ഥിര ശുചിത്വ പദ്ധതിയുടെ ഭാഗമായ പ്ലാസ്റ്റിക് ശേഖരണ പദ്ധതിയിലെ 5 വോളണ്ടിയർമാർക്ക് തനത് ഫണ്ടിൽ നിന്ന് ഓണറേറിയം നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു. പ്ലാസ്റ്റിക് ശേഖരണത്തിനു മാത്രമായി 5 വോളണ്ടിയർമാർ വേണോ എന്നത് പഞ്ചായത്ത് സെക്രട്ടറി പരിശോധിക്കണം.
(നടപടി - തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ് )

**3.9 പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 09.11.2016-ലെ കത്ത് (1015178/2016/**o/o minister of LSGD)

ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ കണിച്ചാർ, മുഴക്കുന്ന് എന്നീ ഗ്രാമപഞ്ചായത്തുകളിലെ മുടവങ്ങാട് കുടിവെള്ള പദ്ധതിക്കുള്ള കുളം, കൊട്ടയാട് ലക്ഷം വീട്ടു കോളനി കുടിവെള്ള പദ്ധതി എന്നിവ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയതാണ്. ഇത് ഇപ്പോൾ ഉപയോഗപ്രദമല്ലാതെ തകരാറിലായി. ഈ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇത് ആവശ്യമാണോ എന്ന് ഫീൽഡ് തലത്തിൽ പോയി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി. റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം പിന്നീട് പരിഗണിക്കാം.
(നടപടി - 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്
2) ഗ്രാമവികസന കമ്മീഷണർ)

**3.10 നിലമ്പൂർ നഗരസഭാ സെക്രട്ടറിയുടെ 02.07.2016-ലെ** E-S/112/13-**ാം നമ്പർ കത്ത്** (LSGD-DC3/793/2016-LSGD)

2012-13, 2013-14 വർഷങ്ങളിലായി ദ്വിവൽസര പ്രോജക്ടായി **"**ഹൈസ്കൂൾ റോഡ് - മൈത്രി റോഡ് പുരോഗമനം പ്രവൃത്തിക്കായി**"** മേൽ വർഷങ്ങളിൽ 45,000/- രൂപ വീതം ആകെ 90,000/-രൂപ തനത് ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്നു. പ്രോജക്ട് പൂർത്തിയാക്കി 29.05.2013-ന് ഫൈനൽ ബിൽ തയ്യാറാക്കി. ഇത് 2014-15-ൽ സ്പിൽഓവർ ആക്കാൻ വിട്ടുപോയി. ഇപ്പോൾ ഇത് സ്പിൽഓവറായി തുടരാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** തനത് ഫണ്ട് ഉപയോഗിച്ച് പുതിയ പ്രോജക്ട് തയ്യാറാക്കി തുക നൽകാൻ നിർദ്ദേശിക്കുന്നു.
(നടപടി - തദ്ദേശസ്വയംഭരണ (ഡി.സി3) വകുപ്പ് )

**3.11 ആലപ്പുഴ നഗരസഭ ചെയർമാന്റെ 27.06.2017–ലെ കത്ത്**

മാർഗരേഖ പ്രകാരം നഗരസഭകളുടെ നിർമ്മാണ പ്രോജക്ടുകൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ നിർവഹണ ഉദ്യോഗസ്ഥനാക്കാവുന്നതും നഗരസഭയിലെതന്നെ നിർവഹണ ഉദ്യോഗസ്ഥനു മുകളിലുള്ള എഞ്ചിനീയർക്ക് വെറ്റിംഗ് നടത്തി സാങ്കേതികാനുമതി നൽകാവുന്നതുമാണ്. അശ്രദ്ധമൂലം ഈ രീതിയിലല്ല മുനിസിപ്പാലിറ്റിയിൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. അതിനാൽ വെറ്റിംഗിനും സാങ്കേതികാനുമതിക്കും കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പ്രോജക്ടുകൾ അയയ്ക്കേണ്ടി വരുന്നു. ഇതൊഴിവാക്കി മുനിസിപ്പൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെ വെറ്റിംഗ് നടത്തി സാങ്കേതികാനുമതി നൽകുന്ന രീതിയിൽ ഭേദഗതി വരുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:–** മാർഗരേഖ പ്രകാരം സാമ്പത്തിക പരിധിക്ക് വിധേയമായി വെറ്റിംഗ് മുനിസിപ്പൽ തലത്തിൽ തന്നെ നടത്താം. കോർഡിനേഷൻ കമ്മിറ്റിയുടെ 07.06.2017 തീയതി യിലെ യോഗത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രോജക്റ്റിൽ ഇത്തരം ഭേദഗതികൾ വരുത്താൻ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് അനുമതി നൽകിയിരുന്നു. ഇത് മറ്റ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൂടി ബാധകമാക്കാൻ തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് )

**3.12 ആലുവ മുനിസിപ്പൽ ചെയർപേഴ്സന്റെ 27.06.2017–ലെ കത്ത്**

ലോക ബാങ്ക് വിഹിതം ഉപയോഗിച്ച് നഗരസഭാ പ്രിയദർശിനി ടൗൺ ഹാളിന്റെ മെയിന്റനൻസ് നടക്കുന്നുണ്ട്. ഇതിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 31.07.2017 വരെ നീട്ടി നൽകണമെന്നതു സംബന്ധിച്ച്.

**തിരുമാനം:–** ലോക ബാങ്ക് വിഹിതം ഉപയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള കാലാവധി 30.09.2017 വരെ നീട്ടി നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ് )

**3.13 കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 20.04.2017–ലെ കത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന കൃഷി പ്രോജക്ടുകൾക്ക് കേരള അഗ്രോ മെഷീനറി കോർപ്പറേഷന്റെ ഉത്പ്പന്നങ്ങളായ കാർഷിക യന്ത്രങ്ങളും മറ്റു സാമഗ്രികളും വാങ്ങുന്നതിന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:–** കാംകോ ഉത്പാദിപ്പിക്കുന്ന ഉപകരണങ്ങൾ വാങ്ങാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

**3.14 <u>കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 06.06.2017-ലെ കത്ത്</u>**

സെറികൾച്ചറിനും മറ്റും കാർഷിക ഉപകരണങ്ങൾ കാംകോയിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>:-**കാംകോ ഉത്പാദിപ്പിക്കുന്ന ഉപകരണങ്ങൾ വാങ്ങാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

**3.15 <u>പള്ളിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.06.2017 -ലെ A3-9556/17-ാം നമ്പർ കത്ത്</u>**

ഹരിത കേരള മിഷന്റെ ഭാഗമായും 'പള്ളിക്കര പഞ്ചായത്ത് - മാലിന്യ മുക്ത പഞ്ചായത്ത്' എന്ന കാമ്പയിന്റെ ഭാഗമായും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്ലാസ്റ്റിക്ക് ഇതര മാലിന്യങ്ങൾ ശേഖരിച്ചിരുന്നു. ക്വട്ടേഷൻ വിളിച്ച് ഇവ കർണ്ണാടകയിലുള്ള റീ സൈക്ലിംഗ് പ്ലാന്റിലേയ്ക്ക് നീക്കം ചെയ്തു. ഇതിനായി 2.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും നൽകി. പ്രോജക്ട് തയ്യാറാക്കിയിരുന്നില്ല. സാധൂകരണം സംബന്ധിച്ച്

**<u>തീരുമാനം</u>:-** വകുപ്പ തലത്തിൽ തന്നെ അനുമതി നൽകാവുന്നതാണ്

(നടപടി - തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ് )

**3.16 <u>പൂമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 21.06.2017-ൽ)</u>**

ലോക ബാങ്ക് തുക ഉപയോഗിച്ച് 2016-17 വാർഷിക പദ്ധതിയിൽ പാടശേഖരങ്ങൾക്ക് വെർട്ടിക്കൽ ആക്സിസ് മോട്ടോർ പമ്പ് സ്ഥാപിക്കുന്നതിന് (5 എണ്ണം, തുക 98,24,000/- രൂപ) ലഭിച്ച ടെണ്ടറുകൾ എസ്റ്റിമേറ്റ് തുകയെക്കാൾ കൂടുതലാണ്. സിവിൽ വർക്കിന്റെ തുക ഇതോടൊപ്പം ചേർക്കാത്തതിനാലാണ് ടെണ്ടർ തുക കൂടിയത്. 25.03.2017-ൽ ആരംഭിച്ച ടെണ്ടർ നടപടി 31.03.2017-ന് പൂർത്തിയാക്കി എഗ്രിമെന്റ് വച്ചു. ഈ ടെണ്ടർ നടപടിക്ക് സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. 24.05.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി ഇതിന് അനുമതി നൽകിയിരുന്നില്ല. മാനദണ്ഡപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് 30.06.2017-നു മുമ്പ് നിർമ്മാണം പൂർത്തിയാക്കാൻ നിർദ്ദേശിച്ചിരുന്നു. ഇത് പുനഃപരിശോധിക്കണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>:-** നിർവഹണകാലാവധി 31.12.2017 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. സിവിൽവർക്കും ലേബർചാർജ്ജും ചേർത്ത് പുതുക്കിയ എസ്റ്റിമേറ്റിൽ റീടെണ്ടർ വിളിച്ച് നടപ്പാക്കണം. ടെണ്ടർ ആരും എടുത്തില്ല എങ്കിൽ സർക്കാർ അനുമതിക്ക് നൽകാം.

(നടപടി - തദ്ദേശസ്വയംഭരണ (എഫ്.എം), (ഡി.എ) വകുപ്പ് )

**3.17 <u>മുനിസിപ്പൽ ചേംബർ ചെയർമാനും സെക്രട്ടറിയും ബഹു. മുഖ്യമന്ത്രിക്കു നൽകിയ 12.06.2017–ലെ 254/17–ാംനമ്പർ കത്ത്</u>**

കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ മുനിസിപ്പൽ ചേംബർ ചെയർമാനേയും സെക്രട്ടറിയെയും ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികളെയും പങ്കെടുപ്പിക്കണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>:–** തത്ക്കാലം കോഓർഡിനേഷൻ കമ്മിറ്റി പുനഃസംഘടിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

**3.18 <u>ലയൺസ് ക്ലബ് ജില്ലാകൺവീനർ (ഡിസ്ട്രിക്ട് 318 B)യുടെ 14.06.2017–ലെ കത്ത്.</u>**

ലയൺസ് ക്ലബ് നടത്താനുദ്ദേശിക്കുന്ന താഴെപ്പറയുന്ന പൊതു സേവനങ്ങൾക്ക് സർക്കാരിന്റേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സഹകരണം നൽകണമന്നതു സംബന്ധിച്ച്

1) കുട്ടികളിലെ ഭിന്നശേഷി കണ്ടെത്തുന്നതിനുള്ള ക്യാമ്പുകളും തുടർന്നുള്ള ചികിത്സകളും
2) 25 ബഡ്സ് സ്കൂൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. (പരിശീലനം ലഭിച്ച അദ്ധ്യാപകരെയും അവർക്കുള്ള വേതനവും തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകണം)
3) കുട്ടികളുടെ കാഴ്ച ശക്തി പരിശോധിക്കലും കണ്ണട വിതരണവും
4) യുവാക്കൾക്ക് പ്രത്യേക പരിശീലനം
5) വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി വനിതകൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പ്രത്യേക ബോധവൽക്കരണ പരിപാടി
6) ജീവിതശൈലി രോഗം നിയന്ത്രിക്കുന്നതിന് മെഡിക്കൽ ക്യാമ്പും പാലിയേറ്റീവ് പരിചരണ പരിപാടികളും
7) റോഡപകടങ്ങൾ കുറയ്ക്കാൻ ബോധവൽക്കരണ പരിപാടികൾ

**<u>തീരുമാനം</u>:–**

(i) ലയൺസ് ക്ലബുകൾക്ക് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇത്തരം ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ് )

(ii) ബഡ്സ് സ്കൂൾ കെട്ടിടം പണിത് തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറുകയാണെങ്കിൽ അദ്ധ്യാപകർക്കുള്ള വേതനം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് )

**3.19 <u>കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.06.2017-ലെ</u>** <u>k3-1310/17-</u>**<u>ാം നമ്പർ കത്ത്</u>**

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിലെ ഉപ്പൂട് വാർഡിലേയ്ക്ക് **KSRTC** നടത്തുന്ന സ്റ്റേ സർവീസിലെ ജീവനക്കാർക്ക് സ്റ്റേ റൂമിന് പഞ്ചായത്തിൽ നിന്നും ഒരു വർഷത്തേയ്ക്ക് വാടക നൽകുന്നതിന് 30.03.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതിന്റെ കാലാവധി തീർന്നതിനാൽ വീണ്ടും ദീർഘിപ്പിച്ചു നൽകണമെന്നത് സംബന്ധിച്ച്

**<u>തീരുമാനം</u>:-** തനത് ഫണ്ട് ഉപയോഗിക്കണമെന്ന നിബന്ധന യോടെ കാലാവധി ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നു

(നടപടി - തദ്ദേശസ്വയംഭരണ (ആർ.സി)വകുപ്പ് )

**3.20 <u>സിഡ്കോ ചെയർമാന്റെ 16.06.2017-ലെ</u>** <u>SIDCO/RM/HQ/GI - 2016-17-</u>**<u>ാം നമ്പർ കത്ത്.</u>**

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജരുടെ 05.06.2017-ലെ കത്ത് പ്രകാരം സിഡ്കോയെ കേരളത്തിലെ **HPCL**ന്റെ ബിറ്റുമിൻ വിതരണക്കാരായി അംഗീകരിച്ചിട്ടുണ്ട്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ റോഡു പണികൾക്ക് സിഡ്കോ വഴി ബിറ്റുമിൻ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>:-** ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജരുടെ 05.06.2017-ലെ കത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നു. ട്രാൻസ്പോർട്ടേഷൻ ചാർജ്, ലോഡിംഗ്, മറ്റ് നിബന്ധനകൾ തുടങ്ങിയവ വകുപ്പുതലത്തിൽ നിശ്ചയിക്കണം.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ് )

**3.21 <u>ചിറക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 05.07.2017-ൽ) 15.06.2017 -ലെ 26/2-ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

ഗ്രാമപഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥൻ കാഞ്ഞിരപ്പള്ളി താലൂക്ക് ജനറൽ ആശുപത്രി സൂപ്രണ്ടാണ്. പാലിയേറ്റീവ് പരിപാടിക്ക് വീൽ ചെയർ, ഓക്സിജൻ സിലിണ്ടർ, നെബുലൈസേഷൻ ഉപകരണങ്ങൾ എന്നിവ ജനറൽ ആശുപത്രിയിൽ ഉണ്ട് എങ്കിലും പാലിയേറ്റീവ് പ്രവർത്തനത്തിന് നൽകുന്നില്ല. അതിനാൽ ഇവയും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>:-** അനുമതി നൽകുന്നു

(നടപടി - തദ്ദേശസ്വയംഭരണ (ഇ.പി.എ)വകുപ്പ് )

3.22 <u>പട്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.05.2017-ലെ കത്തും 08.05.2017-ലെ 1-ാം നമ്പർ ഭരണ സമിതി തീരുമാനവും</u>

റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഈ വർഷം 1,33,45,000/- രൂപയുണ്ട്. ഈ തുകയുടെ ചെറിയ ഭാഗം മാത്രമേ റോഡുകളുടെ അറ്റകുറ്റപ്പണിക്ക് ആവശ്യമായി വരുന്നുള്ളൂ. അതിനാൽ റോഡ് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവയ്ക്കു കൂടി റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>:-** കൈമാറിക്കിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയശേഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ബാക്കിയുണ്ടെങ്കിൽ ഭരണസമിതിയുടെ ഏകകണ്ഠമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റോഡ് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയവ നടത്താൻ അനുമതി നൽകുന്നു. മറ്റു റോഡുകൾക്ക് അറ്റകുറ്റപ്പണി ആവശ്യമില്ല എന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണം.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

3.23 <u>ക്ഷീര വികസന ഡയറക്ടറുടെ 21.06.2017-ലെ D3/6776/2016-ാം നമ്പർ കത്ത്</u>

**(i)** ഗ്രാമപഞ്ചായത്തുകളിൽ ക്ഷീര വികസന പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥന്മാരായി ഡയറി ഫാം ഇൻസ്ട്രക്ടർമാരെ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

**<u>തീരുമാനം</u>**- ഈ വർഷത്തെ പദ്ധതി രൂപീകരണ പ്രക്രിയ കഴിഞ്ഞതിനാൽ ഈ വർഷം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**(ii)** നിലവിൽ മുനിസിപ്പാലിറ്റികളിലെ നിർവഹണ ഉദ്യോഗസ്ഥരായി ക്ഷീര വികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിനു പകരം ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഡയറി എക്സ്റ്റൻഷൻ ഓഫീസറെ നിശ്ചയിക്കണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>** - ഈ വർഷത്തെ പദ്ധതി രൂപീകരണ പ്രക്രിയ കഴിഞ്ഞതിനാൽ ഈ വർഷം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി - തദ്ദേശസ്വയംഭരണവകുപ്പ് )

3.24 (i) **<u>ബഹു. രാജ്യസഭാ എം.പി.ശ്രീ. കെ. സോമപ്രസാദിന്റെ 23.06.2017-ലെ കത്തും നെടുമങ്ങാട് താലൂക്ക് പട്ടികജാതി ലേബർ കോൺട്രാക്ട് സഹകരണ സംഘം പ്രസിഡന്റിന്റെ 17.02.2017-ലെ കത്തും</u>**

(ii) **കേരള ലേബർ <u>കോൺട്രാക്ട്</u> സഹകരണ വെൽഫയർ അസോസിയേഷൻ പ്രസിഡന്റിന്റെ 03.06.2017-ലെ കത്ത്**

(iii) **ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ 03.06.2017-ലെ** ULCCS/MEMO/LSGD/ 2017-18 **-ാം നമ്പർ കത്ത്**

ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ടെണ്ടറുകൾക്ക് 10 ശതമാനം അധികരിച്ച നിരക്ക് പുനഃസ്ഥാപിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:–** ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതല പ്പെടുത്തി. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും.

(നടപടി – തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ
തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

**3.25 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 21.06.2017–ലെ P6–171/2017–ാം നമ്പർ കത്ത്</u>**

ചെറുകിട ജലസേചന പ്രോജക്ടുകളായ തടയണ നിർമ്മാണം, ജല സംരക്ഷണ പ്രവർത്തനം, മാമ്പുഴ നവീകരണം എന്നീ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥനായി മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിശ്ചയിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇത് 07.06.2017–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുകയും തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെ നിർവഹണം നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇത് പുനഃപരിശോധിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:–** ഈ വർഷം പരിഗണിക്കേണ്ടേതില്ലെന്ന് തീരുമാനിച്ചു. ബഹു.ധനകാര്യ വകുപ്പുമന്ത്രി, ബഹു. ജലസേചന വകുപ്പുമന്ത്രി എന്നിവരുമായി ആലോചിച്ച് അടുത്ത വർഷത്തേയ്ക്ക് പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് )

**3.26 <u>തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 22.06.2017–ലെ A3–4908/17(4)–ാം നമ്പർ കത്ത് (LSGD– DA1/437/2017–LSGD)</u>**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നിർധനരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം നൽകുന്നതിന് പ്രോജക്ടുകൾ മുൻവർഷങ്ങളിൽ നടപ്പാക്കിയിരുന്നു. ഇത് ഈ വർഷവും നടപ്പാക്കുന്നതിന് അനുമതി നൽകണ മെന്നതു സംബന്ധിച്ച്

**തീരുമാനം:–** ഈ വർഷവും തുടരാൻ അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് )

**3.27 <u>ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21.06.2017–ലെ C–40/17–ാം നമ്പർ കത്ത്</u>**

ജലസേചന പ്രോജക്ടുകൾക്ക് 10 ശതമാനം ഗുണഭോക്തൃ വിഹിതം ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:–** പുതിയ മാർഗരേഖ പ്രകാരം പൊതു ജലസേചന പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം നിർബന്ധമല്ല.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് )

**3.28 പഞ്ചായത്ത് ഡയറക്ടറുടെ 22.05.2017-ലെ J1-14778/2017-ാം നമ്പർ കത്ത് (LSGD-DA1-391/2017/LSGD)**

ഗോത്ര സാരഥി പദ്ധതി (പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനു വാഹന സൗകര്യം ഒരുക്കൽ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയാണ് നടപ്പാക്കുന്നത്. വാഹന ഉടമയ്ക്ക് വാടക യഥാസമയം ലഭിക്കാത്തതിനാൽ ചിലപ്പോൾ വാഹനം മുടങ്ങാറുണ്ട്. അതിനാൽ ഗോത്ര സാരഥി പദ്ധതിക്ക് തുക വകയിരുത്താൻ പഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** പട്ടികവർഗ്ഗ വകുപ്പിന്റെ തുക അപര്യാപ്തമായി വന്നാൽ പദ്ധതിക്ക് മുടക്കം വരാതിരിക്കാൻ പഞ്ചായത്തുകൾക്ക് തുക വകയിരുത്താവുന്നതാണ്. പദ്ധതി ഭേദഗതി സമയത്ത് ആവശ്യമുള്ള പഞ്ചായത്തുകൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

**3.29 പാറക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.06.2017-ലെ കത്ത്**

ഈ വർഷത്തെ പദ്ധതിയിൽ 74-ാം നമ്പർ അങ്കണവാടി കെട്ടിടം എയർ കണ്ടീഷനാക്കാൻ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** അനുമതി നിരസിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ് )

**3.30 എംപ്ലോയ്മെന്റ് ഡയറക്ടറുടെ 21.04.2017-ലെ** U1/1623/2017/DE **നമ്പർ കത്ത്. (**DA1/425/2017/LSGD)

തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഒരാളുടെ വയസ്സ്, തൊഴിൽ നില, കുടുംബ വരുമാനം, വ്യക്തിഗത വരുമാനം, രജിസ്ട്രേഷൻ പുതുക്കൽ, വിദ്യാർത്ഥിയാണോ തുടങ്ങിയ കാര്യങ്ങൾ ഓരോ മാസവും വ്യത്യാസപ്പെടുന്നതിന് സാദ്ധ്യത ഉള്ളതിനാൽ ഇപ്രകാരമുള്ള അർഹത പരിശോധിച്ച് ഗുണഭോക്താക്കളിൽ നിന്ന് ഈ കാര്യങ്ങൾ സംബന്ധിച്ച് ഒരു സത്യവാങ്മൂലം വാങ്ങിയതിനുശേഷം മാത്രം ഗുണഭോക്താക്കളുടെ ആധാർ നമ്പറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നിക്ഷേപിക്കുന്നതിനോ അല്ലാത്ത പക്ഷം എല്ലാ ഗുണഭോക്താക്കളും പഴയതുപോലെ തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ടു ഹാജരായി വാങ്ങുന്ന രീതിയിലേയ്ക്ക് മാറ്റുന്നതിനോ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ഗുണഭോക്താക്കൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങുന്ന രീതി അവലംബിക്കേണ്ടതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഇ.പി.എ)വകുപ്പ് )

**3.31 നഗരകാര്യ ഡയറക്ടറുടെ 18.01.2016-ലെ DC4-18392/15-ാം നമ്പർ കത്തും നെയ്യാറ്റിൻകര മുനിസിപ്പൽ സെക്രട്ടറിയുടെ 05.08.2015-ലെ** PO/435/13-**ാം നമ്പർ കത്തും (LSGD - DC3/156/2016/LSGD)**

നെയ്യാറ്റിൻകര നഗരസഭ 2012-13 വർഷം നടപ്പാക്കിയ **'**വികലാംഗർക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ**'** എന്ന പ്രോജക്റ്റ് പ്രകാരം രണ്ടുപേർക്ക് (43,243/-രൂപ നിരക്കിൽ) കമ്പ്യൂട്ടർ വാങ്ങി. കാഴ്ചശക്തിയില്ലാത്ത ഭിന്നശേഷിക്കാർക്കു നൽകേണ്ട കമ്പ്യൂട്ടർ കാഴ്ചശക്തിയുള്ള ഭിന്നശേഷിക്കാർക്കാണ് നൽകിയത്. ഇതിന് സർക്കാർ സാധൂകരണം വേണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയതനുസരിച്ച് സാധൂകരണം സംബന്ധിച്ച്**.**

**തീരുമാനം:-** വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് )

**3.32 കാളികാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് (ലഭിച്ചത് 06.07.2017-ൽ)**

കാളികാവ് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 1984 മോഡൽ ജീപ്പ് കാലപ്പഴക്കം കാരണം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥ യിലാണ്. ഇത് കണ്ടംനേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസർ തിരികെ എടുത്തു. ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പകരം വാഹനം വാങ്ങാനും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് കാളികാവ് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന് വേണ്ടി ഉപയോഗിക്കാനും അനുമതി സംബന്ധിച്ച്.

**തീരുമാനം:-** വകുപ്പുതലത്തിൽ തീരുമാനമെടുക്കണം. ഇതു സംബന്ധിച്ച് സർക്കാരിലുള്ള ഫയലിന്മേൽ നടപടി വേഗത്തി ലാക്കാൻ നിർദ്ദേശിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് )

**3.33 കോട്ടയം ജില്ലാ കളക്ടറുടെ 27.06.2017-ലെ 490/17/**DPC/DPO/KTM **നമ്പർ കത്തും മീനച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.06.2017-ലെ** A1-195/17-**ാം നമ്പർ കത്തും 16.06.2017-ലെ 1(1)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

പഞ്ചായത്തിനുവേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടുത്തി പ്രോജക്റ്റ് 2017-18-ൽ തയ്യാറാക്കിയിരുന്നെങ്കിലും ഡി.പി.സി. നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം:-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിന് ഉപയോഗിക്കാവുന്ന തല്ല.

(നടപടി - തദ്ദേശസ്വയംഭരണവകുപ്പ് )

**3.34 കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 04.07.2017-ലെ കത്തും 22.05.2017-ലെ 1-ാം നമ്പർ ഭരണ സമിതി തീരുമാനവും**

താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ നിർവഹണ അനുമതി നൽകിയിട്ടില്ല. ഇവയ്ക്ക് പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**(1)** വിവിധ പാടശേഖരങ്ങൾക്ക് പെട്ടി, പറ, മോട്ടോർ എന്നിവ സ്ഥാപിക്കൽ (പ്രോ.നം.18/18)

**(2)** വനിതാ ഡയറി ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം (പ്രോ.നം.29/18)

**തീരുമാനം:-** വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകാത്ത പ്രോജക്ടുകളിന്മേൽ തീരുമാനമെടുക്കേണ്ടത് ജില്ലാതല അപ്പീൽ കമ്മിറ്റിയാണ്. അപ്പീൽ കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ ആവശ്യമെങ്കിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് )

**3.35 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 23.06.2017-ലെ P6-171/17-ാം നമ്പർ കത്ത്**

സൈന്യത്തിൽ ചേരുന്നതിനും സെക്യൂരിറ്റി ഗാർഡായി ജോലി ലഭിക്കുന്നതിനുമുള്ള പരിശീലനം, മലബാർ മേഖലയിൽ മറ്റ് സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ (PRTC) മുഖേന നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

**3.36 ബഹു. പീരുമേട് എം.എൽ.എയുടെ 29.06.2017-ലെ കത്തും ഏലപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.06.2017-ലെ കത്തും 23.06.2017-ലെ 12(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2015-16-ൽ ആരംഭിച്ച സ്പിൽഓവർ പ്രോജക്ടുകൾ 31.03.2017-ന് പൂർത്തിയാക്കണമെന്ന നിബന്ധനയും 30.06.2017-നു മുമ്പ് ബിൽ തുക നൽകണമെന്ന നിബന്ധനയും ഒഴിവാക്കുന്നത് സംബന്ധിച്ച്

**തീരുമാനം:-** അനുമതി നിരസിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

**3.37 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.06.2017-ലെ കത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള കരിമ്പുഴ ഹയർ സെക്കന്ററി സ്കൂൾ, കരാകുർശ്ശി ജി.എച്ച്.സ് എന്നീ സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ കുട്ടികൾക്ക് ബാന്റ് സെറ്റ് പരിശീലനത്തിന് ബാന്റ് സെറ്റ് വാങ്ങി നൽകാൻ (ആകെ 3.00 ലക്ഷം) അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നല്കുന്നു. യൂത്ത് ക്ലബുകൾക്ക് സഹായം നൽകുന്ന സൂക്ഷ്മ മേഖലാ കോഡ് ഉപയോഗിക്കാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ് )

**3.38 സിഡ്കോ ചെയർമാന്റെ 05.07.2017-ലെ SIDO /MLTG/GI/17-18-ാം നമ്പർ കത്ത്**

'സിഡ്കോ'യിൽ നിന്നുള്ള ഉത്പന്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** സിഡ്കോ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നേരിട്ട് വാങ്ങാവുന്ന താണ്.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ് )

**3.39 ചവറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.06.2017-ലെ കത്തും 24.06.2017-ലെ 1(i)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് "അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ" (പ്രോ.നം112/18), "അങ്കണവാടി കെട്ടിട നിർമ്മാണം" (പ്രോ.നം.38/18) എന്നീ രണ്ട പ്രോജക്ടുകൾക്ക് ഡി.പിസി. അംഗീകാരം നൽകിയിട്ടില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം:-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇത്തരം പ്രോജക്ടുകൾക്ക് ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ (ഇ.പി.എ)വകുപ്പ് )

**3.40 പുതുക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 09.06.2017-ലെ A3-724/17-ാം നമ്പർ കത്തും 30.03.2017-ലെ 5(23)-ാം നമ്പർ ഭരണസമിതി തീരുമാനവും**

പഞ്ചായത്തിലെ ചെങ്ങാലൂർ ഗവ. എൽ.പി. സ്കൂളിനോടനുബന്ധിച്ച് പ്രീ-സ്കൂൾ തുടങ്ങുന്നതിനും പ്രീ-സ്കൂളിന് ആവശ്യമായ ഫർണിച്ചർ, വർക്കർമാരുടെ വേതനം , ഉച്ച ഭക്ഷണം എന്നിവ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ഉപയോഗിക്കുന്നതിനും അനുമതി സംബന്ധിച്ച്

**തീരുമാനം:-** (1) അങ്കണവാടികളുടെ പ്രവർത്തനം കൂടുതൽ മെച്ച പ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കണം

(2) ബഹു. വിദ്യാഭ്യാസ വകുപ്പമന്ത്രിയുമായി ചർച്ച ചെയ്തിട്ട് ഗവ. എൽ.പി. സ്കൂളുകളോടനുബന്ധിച്ച് പ്രീ സ്കൂളുകൾ തുടങ്ങുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനമെടുക്കുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ് )

**3.41 കുര്യാക്കോസ് ഏലിയാസ് സർവ്വീസ് സൊസൈറ്റി ഡയറക്ടറുടെ 05.06.2017-ലെ കത്ത്**

തദ്ദേശഭരണ സ്ഥാപനങ്ങൾ HIV/AIDS ബാധിതർക്കുവേണ്ടിയുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് സർക്കാർ ഉത്തരവുണ്ടാകണമെന്നത് സംബന്ധിച്ച്

**തീരുമാനം:-** HIV/AIDS ബാധിതർക്കുവേണ്ടിയുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കാവുന്ന താണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധ മായും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിർദ്ദേശിക്കു ന്നത് പ്രായോഗികമല്ല.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

**3.42 മൂന്നിലവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്**

തദ്ദേശമിത്രം പദ്ധതി പ്രകാരം പഞ്ചായത്തിന് കുടിവെള്ള പദ്ധതിക്കായി 27,89,500/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 29.03.2017-ൽ പദ്ധതി നടത്തിപ്പി നായി നിർമ്മിതി കേന്ദ്രയുമായി കരാർ വച്ചു. 18.04.2017-ൽ ഈ പ്രോജക്ട് ഒഴിവാക്കിയതായും തുക ലഭിക്കുകയില്ലെന്നും തദ്ദേശമിത്രം പ്രോജക്ട് ഡയറക്ടർ അറിയിച്ചു. ഈ തുക അനുവദിക്കണമെന്നും പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതും സംബന്ധിച്ച്

**തീരുമാനം:-** ഇത് പരിശോധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് സമർപ്പിക്കാൻ തദ്ദേശമിത്രം പ്രോജക്ട് ഡയറക്ടറോട് നിർദ്ദേശിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും. തദ്ദേശമിത്രം പ്രോജക്ടറുടെ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കണം.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
പ്രോജക്റ്റ് ഡയറക്ടർ, KLGSDP)

**3.43 ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.07.2017-ലെ കത്ത്**

പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളിൽ യുവജനകേന്ദ്രങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും നിർമ്മിക്കുന്നതിന് SCSP/TSP ഫണ്ട് ജില്ലാ പഞ്ചായത്ത് വകയിരുത്തി യിട്ടുണ്ട്. എന്നാൽ കോളനികളിൽ ആരുടെ പേരിലും സ്വന്തമായി സ്ഥലമോ പട്ടയമോ ഇല്ല. അതിനാൽ കോളനി നിവാസികളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ജില്ലാ കളക്ടറുടെ അനുമതിയോടെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

**3.44 ഷൊർണ്ണൂർ നഗരസഭ വൈസ് ചെയർമാന്റെ 01.06.2017-ലെ PH1/2257/17-ാം നമ്പർ കത്ത്**

പട്ടികജാതി വിഭാഗക്കാരെ ഉൾപ്പെടുത്തി എസ്.സി. ഹരിതസേന രൂപീകരിച്ച് മാലിന്യ നിർമ്മാർജ്ജനത്തിന് എസ്.സി.എസ്.പി. ഫണ്ട് ഉപയോഗിച്ച് 2016-17-ൽ 14,37,500/- രൂപയുടെ പ്രോജക്ട് ഡി.പി.സി. അംഗീകരിച്ചിരുന്നു. ഇതിൽ 8.00 ലക്ഷം രൂപ ജീപ്പ് വാങ്ങുന്നതിനും ബാക്കി 6,37,500/- രൂപ മറ്റ് ഭൗതിക സാമഗ്രികൾ (യൂണിഫോം, ക്യാമറ, ബോധവൽക്കരണത്തിന് സ്ലൈഡ് തുടങ്ങിയവ)

വാങ്ങുന്നതിനുമാണ് വകയിരുത്തിയിരുന്നത്. ഇതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സാങ്കേതിക അനുമതി നൽകിയില്ല. പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**<u>തീരുമാനം:-</u>** 1) അനുമതി നിരസിച്ചു. നഗരം മൊത്തമായി ശുചീകരണം നടത്താൻ എസ്.സി.എസ്.പി. ഫണ്ട് ഉപയോഗി ക്കാവുന്നതല്ല.
2) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വാഹനം വാങ്ങാവുന്നതല്ല എന്ന മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പാലിക്കണം

(നടപടി - തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ് )

**3.45 <u>പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.06.2017-ലെ കത്ത്</u>**

പറളി, മങ്കര ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന ജലനിധി പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം അപര്യാപ്തമായതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറാനുള്ള പ്രോജക്ട് 2017-18 -ൽ ഉൾപ്പെടുത്തുകയും ഡി.പി.സി. അംഗീകരിക്കുകയും ചെയ്തു. ഇതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. (ആകെ വിഹിതം 71.00 ലക്ഷം, ജനറൽ - 23.00 ലക്ഷം, എസ്.സി.എസ്.പി. 48.00 ലക്ഷം)

**<u>തീരുമാനം:-</u>** ഈ പ്രോജക്ടിന്റെ വെറ്റിംഗ് കഴിഞ്ഞിട്ടില്ല. അതിനാൽ പരിഗണിച്ചില്ല

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

**3.46 <u>ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21.06.2017-ലെ C-640/2017-ാം നമ്പർ കത്ത്</u>**

2016-17-ൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പി.എസ്.സി. പരിശീലനം നൽകാൻ 10.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 50 വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകാൻ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 140 പേർ പരിശീലനത്തിൽ പങ്കെടുത്തു. ഇതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

**<u>തീരുമാനം:-</u>** സാധൂകരണം നൽകുന്നു. ഇതിൽ എത്ര പേർക്ക് ജോലി ലഭിച്ചു എന്നത് ജില്ലാ പട്ടികജാതി വികസന ഓഫീസർ വിലയിരുത്തേണ്ടതാണ്.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ഡി)വകുപ്പ് )

**3.47 <u>പുഴക്കാട്ടിരി പഞ്ചായത്ത് സെക്രട്ടറിയുടെ 15.05.2017-ലെ A1-777/17-ാം നമ്പർ കത്തും 12.05.2017-ലെ 13-ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

2016-17 വർഷം പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പ്രോജക്ട് ഉൾപ്പടുത്തിയിരുന്നു (പ്രോ.നം.34/2017). ഇതിൽ നാലു കുട്ടികളുടെ കോഴ്സ് കഴിഞ്ഞു. മലപ്പുറം ജില്ലയിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ഉണ്ടായതിനാൽ ലാപ് ടോപ് നൽകാൻ വൈകി. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം:-</u>** അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

**3.48 കോളയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ** A3-6109/16-ാം **നമ്പർ കത്തും 16.06.2017-ലെ 141/17-ാം നമ്പർ ഭരണസമിതി തീരുമാനവും**

**1)** 2016-17 വർഷം എസ്.റ്റി. PSC പഠന കേന്ദ്രം ഒരുക്കലും PSC പരിശീലനവും എന്ന പ്രോജക്ട് നടപ്പാക്കി (നം.166/17-അടങ്കൽ 6,89,878/- രൂപ). 5,96,348/- രൂപ ചെലവഴിച്ചു. പെരുവ ഗവ.യു.പി.എസ്. നോട് ചേർന്ന കെട്ടിടത്തിൽ ഭൗതിക സൗകര്യമൊരുക്കാനാണ് ഈ തുക ചെലവഴിച്ചത്. ഫീസ് വിദ്യാർത്ഥികളിൽ നിന്നും ശേഖരിച്ചാണ് അദ്ധ്യാപകർക്ക് നൽകിയത്. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-**ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച് നടപ്പാക്കിയ ഒരു പ്രോജക്ടിന് പ്രത്യേക കാരണം കൂടാതെയാണ് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നതെന്ന് യോഗം നിരീക്ഷിച്ചു. അതിനാൽ പരിഗണിച്ചില്ല.

**2)** 2017-18 വർഷവും ഇപ്രകാരം പ്രോജക്ട് എടുക്കുന്നതിനും അദ്ധ്യാപകർക്ക് പ്രതിമാസം 10,000/-രൂപ ഓണറേറിയം (റ്റി.എസ്.പി. ഫണ്ടിൽ നിന്ന്) നൽകുന്നതിനും അനുമതി സംബന്ധിച്ച്

**തീരുമാനം:-** പ്രോജക്ട് സംബന്ധിച്ച് ജില്ലാ ആസൂത്രണസമിതിയാണ് തീരുമാനമെടുക്കേണ്ടത്. അതിനാൽ പരിഗണിച്ചില്ല.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് )

**3.49 ഗ്ലോബൽ വിഷൻ (**NGO) **ജനറൽ സെക്രട്ടറിയുടെ 21.06.2017-ലെ** GVK/140/14-ാം **നമ്പർ കത്ത്.**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വനിത സംരംഭക പ്രോജക്ടുകളിൽ തുണി സഞ്ചി നിർമ്മാണം, പേപ്പർ ക്യാരി ബാഗ് നിർമ്മിക്കൽ, കൂൺ കൃഷി എന്നിവയ്ക്ക് പ്രോജക്ട് ഉൾപ്പെടുത്തണമെന്ന് സർക്കാർ ഉത്തരവുണ്ടാകണമെന്നും ഇതിന് പരിശീലനം നൽകുന്നതിന് ഗ്ലോബൽ വിഷനെ ഏജൻസിയായി അംഗീകരിക്കണമെന്നതും സംബന്ധിച്ച്

**തീരുമാനം:-** പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചും നിർവഹണം എങ്ങനെ നടത്തണമെന്നതു സംബന്ധിച്ചും തദ്ദേശഭരണ സ്ഥാപനങ്ങളാണ് തീരുമാനമെടുക്കേണ്ടത്.

(നടപടി - തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ് )

**3.50 തലയാഴം ഗ്രാമപഞ്ചായത്തിന്റെ 29.04.2017-ലെ II (2)-ാം നമ്പർ ഭരണ സമിതി തീരുമാനം (LSGD- DA1/442/2017-LSGD)**

പഞ്ചായത്തിൽ 2500 ഏക്കർ കരിനിലമുണ്ട്. ഈ വർഷം 1750 ഏക്കർ സ്ഥലത്ത് നെൽക്കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നു. മാർഗ്ഗരേഖ പ്രകാരം നെൽവിത്തിനു നൽകാവുന്ന പരമാവധി സബ്സിഡി തുക 3500/- രൂപയാണ്. പരിധിയില്ലാതെ

എല്ലാ കർഷകർക്കും തുക നൽകാനും വൈക്കം ബ്ലോക്ക് പഞ്ചായത്തിന് ഇതിനു വിഹിതം നൽകാൻ അനുമതിയും സംബന്ധിച്ച്

**<u>തീരുമാനം:-</u>** സബ്സിഡി നിരക്കിൽ ഈ വർഷം മാറ്റം വരുത്തുന്നത് പരിഗണിക്കുന്നില്ല. ഗ്രാമപഞ്ചായത്തുകളും നഗരസഭ കളും മാത്രമേ ഇതിന് പ്രോജക്ട് നടപ്പാക്കാവൂ.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

**3.51 <u>കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.06.2017-ലെ 82/2016-17/DPC/DPO/Kannur നമ്പർ കത്തും ചെറുകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.06.2017-ലെ A3/2873/17(1) -ാം നമ്പർ കത്തും.</u>**

ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ ഡി.പി.സി. അംഗീകരിക്കാത്ത താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾക്ക് അനുമതി സംബന്ധിച്ച്

**(i)** കുടിവെള്ള വിതരണത്തിന് കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകൽ (പ്രോ.നം.1/18 , അടങ്കൽ 3,78,000/- രൂപ. ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

**<u>തീരുമാനം:-</u>** വെള്ളക്കരം നൽകുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

**(ii)** കട്ടക്കുളം അങ്കണവാടി കെട്ടിടം പുനർ നിർമ്മാണം ( പ്രോ.നം.21/18- അടങ്കൽ 12,00,000/- രൂപ . നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് )

**<u>തീരുമാനം:-</u>** കൈമാറിക്കിട്ടിയ മറ്റ് സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണി ആവശ്യമില്ലാ എന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ (എഫ്.എം), (ഡി.ബി), (ഇ.പി.എ) വകുപ്പ് )

**3.52 <u>മുണ്ടേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.06.2017-ലെ A2/273/16-ാം നമ്പർ കത്ത്</u>**

സുസ്ഥിര പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി 4 വനിതാ വാളണ്ടിയർമാർക്ക് തനത് ഫണ്ടിൽ നിന്ന് വേതനം നൽകുന്നുണ്ട്. ഈ പ്രോജക്ട് നിർമ്മല ഭവനം - നിർമ്മല ഗ്രാമം എന്ന പേരിൽ 2017-18-ലും തുടരുന്നുണ്ട്. ഈ വോളണ്ടിയർമാർക്ക് തുടർന്നും തനത് ഫണ്ടിൽ നിന്ന് വേതനം നൽകാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം:-</u>** തനത് ഫണ്ടിൽ നിന്നും വേതനം നൽകാൻ അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ് )

**3.53 <u>വട്ടംകുളം ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡിന്റിന്റെ 24.06.2017-ലെ കത്ത്</u>**

ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപന ങ്ങളിലെ ജനപ്രതിനിധികളായിരിക്കുന്ന എയിഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ കോളേജ് അദ്ധ്യാപകേതര ജീവനക്കാർ, അർദ്ധ സർക്കാർ

ജീവനക്കാർ എന്നിവർക്ക് ഒരു വർഷം പരമാവധി 30 ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ചുകൊണ്ട് പതിനൊന്നാം പദ്ധതിക്കാലത്ത് ഉത്തരവായിരുന്നു. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഇത് 15 ദിവസമായി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. പതിമൂന്നാം പദ്ധതിക്കാലത്ത് 30 ദിവസം ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിന് ഉത്തരവുണ്ടാകണമെന്നും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി ഇത് ബാധകമാക്കണമെന്നതും സംബന്ധിച്ച്.

**തീരുമാനം:-** **(i)** 13-ാം പദ്ധതിക്കാലത്ത് കൂടി ഇത് ബാധകമാക്കാൻ തീരുമാനിച്ചു. ഒരു വർഷം പരമാവധി 15 ദിവസം ഡ്യൂട്ടി ലീവ് നൽകാവുന്നതാണ്.

**(ii)** മുകളിൽ പറഞ്ഞവരോടൊപ്പം സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കു കൂടി ഡ്യൂട്ടി ലീവ് അനുവദിക്കാൻ അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

**3.54 <u>പയ്യോളി നഗരസഭാ ചെയർമാന്റെ കത്തും (ലഭിച്ചത് 29.06.2017) 29.03.2016-ലെ 83/16(2)-ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

2015-16 വർഷം മുനിസിപ്പൽ ചെയർപേഴ്സന്റെ ആവശ്യത്തിലേയ്ക്ക് 11,47,892/- രൂപയുടെ വാഹനം വാങ്ങി. സർക്കാർ അനുമതി കൂടാതെ വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി 10.00 ലക്ഷം രൂപയാണ്. അതിനാൽ കൂടുതൽ തുക ചെലവഴിച്ചതിന് സാധൂകരണം സംബന്ധിച്ച്

**തീരുമാനം:-** വകുപ്പുതലത്തിൽ തീരുമാനമെടുക്കണം.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ് )

**3.55 <u>കേരള ഉള്ളാട മഹാസഭാ ജനറൽ സെക്രട്ടറിയുടെ കത്ത് (ലഭിച്ചത് 07.07.2017-ൽ)</u>**

**(1)** ജനകീയാസൂത്രണ പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വിവിധ ആവശ്യങ്ങൾക്ക് സബ്സിഡി തുക നൽകുമ്പോൾ ഗുണഭോക്തൃ വിഹിതം നൽകണമെന്ന് മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടെന്നതിനാൽ അവ ഒഴിവാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** മിക്ക ആവശ്യങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഗുണഭോക്തൃ വിഹിതം ഒഴിവാക്കിയിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. മറ്റ് മേഖലകളെ കൂടി കണക്കിലെടുത്ത് ഈ വർഷം പുനഃപരിശോധിക്കേണ്ടതില്ലെന്നു തീരുമാനിച്ചു. പിന്നീട് പരിഗണിക്കും

(നടപടി - തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

(2) വിവിധ പദ്ധതികൾ വഴി ആനുകൂല്യം ലഭിക്കുന്നതിന് നിലവിൽ 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കണമെന്നുണ്ട്. മുദ്രപത്രത്തിനു പകരം വെള്ള പേപ്പറിൽ എഗ്രിമെന്റ് വച്ച് ആനുകൂല്യം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 5000/- രൂപവരെയുള്ള ധാരണാ പത്രങ്ങൾക്ക് മുദ്രപത്രം വേണമെന്ന നിബന്ധന ഒഴിവാക്കുന്നു. അതിനു മുകളിലുള്ള തുകയ്ക്ക് എഗ്രിമെന്റ് വയ്ക്കുന്നതിന് 200/- രൂപയിൽ കുറഞ്ഞ മുദ്രപത്രം ഉപയോഗിക്കുന്നത് സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പിന്റെ ഉപദേശം തേടാൻ തീരുമാനിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**3.56 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 05.07.2017-ലെ** A1-3558/14-ാം **നമ്പർ കത്ത്.**

2017 ജനുവരി മുതൽ 31.03.2017 വരെ ട്രഷറിയിൽ നിന്നും പാസാക്കിയ 102 ബില്ലുകളിൽ 66 ബില്ലുകളുടെ വിവരങ്ങൾ മാത്രമാണ് ബിംസിൽ ലഭിക്കുന്നത് എന്നതിനാൽ പേയ് മെന്റ് സംബന്ധമായ പരാതികൾ പരിഹരിക്കാൻ കഴിയുന്നില്ല. കൂടാതെ ബിൽ ബുക്കിൽ പാസാക്കിയതായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ള ചില ബില്ലുകളുടെ തുക എത്തേണ്ട അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. ഈ പ്രശ്നം പരിഹരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇത്തരം പ്രശ്നമുണ്ടെന്ന് യോഗം നിരീക്ഷിച്ചു. ഇത് ട്രഷറി ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് പരിഹരിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

(നടപടി - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് )

**3.57 കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 17.02.2017-ലെ** S2-519/16-ാം **നമ്പർ കത്തും 16.01.2017-ലെ 37(2)-ാം നമ്പർ ഭരണസമിതി തീരുമാനവും(**LSGD-**ഡി.സി1/284/17/**LSGD)

2016-17 വാർഷിക പദ്ധതിയിലെ 96/17-ാം നമ്പർ പ്രോജക്ടിൽ കക്കൂസ് അറ്റകുറ്റപ്പണിക്ക് 6000/-രൂപ യൂണിറ്റ് നിരക്ക് അനുവദിക്കണമെന്നത് സംബന്ധിച്ച്

**തീരുമാനം:-** എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇത് പ്രത്യേകം അന്വേഷിച്ച് റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ മുഖേന സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ)

**3.58 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 28.01.2017-ലെ** P4/3281/14-ാം **നമ്പർ കത്ത്**

കുട്ടികളിലെ പഠന പെരുമാറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ചികിത്സിക്കുന്നതിനുവേണ്ടി ആയൂർവേദ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന 2013-14 മുതൽ **'സ്പന്ദനം'** എന്ന പ്രോജക്ട് നടപ്പാക്കി വരുന്നു. ഓരോ വർഷവും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെയാണ് നടപ്പാക്കി വരുന്നത്. പഠന പെരുമാറ്റ പ്രശ്നം പരിഹരക്കുന്നതിനുള്ള ഈ ചികിത്സാ പരിപാടി തുടർന്നും നടത്താൻ സർക്കാർ അനുമതി സംബന്ധിച്ച്

**തീരുമാനം:-** കഴിഞ്ഞ 4 വർഷമായി നടപ്പാക്കുന്ന ഈ പ്രോജക്ടിനെ പ്രത്യേകമായി വിലയിരുത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും. പഞ്ചായത്ത് ഡയറക്ടർ, കോഴിക്കോട് ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസർ മുഖേന ഈ പ്രോജക്ട് നടപ്പാക്കിയത് വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കണം.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് )

**3.59 അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് അസോസിയേഷന്റെ 05.07.2017-ലെ കത്ത്**

അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും വികേന്ദ്രീകൃതാസൂത്രണ പരിപാടികളിൽ പഞ്ചായത്തുകളെ സഹായിക്കുന്നതിനുള്ള പ്രതിമാസ അധിക ഓണറേറിയം 1000/- രൂപയാക്കി 10.08.2015-ലെ 2469/2015/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം വർദ്ധിപ്പിച്ചിരുന്നുവെങ്കിലും ഇതു നൽകുന്നില്ല. ഇതു നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** അങ്കണവാടി അദ്ധ്യാപകർക്കും/ഹെൽപ്പർമാർക്കും വേതനം വർദ്ധിപ്പിച്ചതിനാൽ 10.08.2015-ലെ സർക്കാർ ഉത്തരവ നുസരിച്ച് അധിക ഓണറേറിയം നൽകേണ്ടതില്ല. എന്നാൽ പഴയ നിരക്കിൽ നൽകാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഇ.പി.എ)വകുപ്പ് )

**3.60 കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 05.07.2017-ൽ)**

2011-ൽ നിർമ്മൽ പുരസ്കാര ഫണ്ടായി 19.00 ലക്ഷം രൂപ ലഭിച്ചു. പലിശ സഹിതം ഇപ്പോൾ 22.00 ലക്ഷം രൂപയുണ്ട്. ഈ തുക സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകളിൽ ടോയ് ലറ്റ് കോംപ്ലക്സ് നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് )

**3.61 തുത്താല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.05.2017-ലെ കത്ത്**

പഞ്ചായത്തിലെ വരണ്ടുകുറ്റികടവ് **G.M.L.P.** സ്കൂളിന് 2017-18-ൽ അറ്റകുറ്റപ്പണിക്ക് 2.00 ലക്ഷം രൂപ വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ സംബന്ധിച്ച് ഭിന്നാഭിപ്രായമുള്ളതിനാൽ ഇതുവരെ സ്കൂളിന് അറ്റകുറ്റപ്പണി നടത്തിയിട്ടില്ല. അറ്റകുറ്റപ്പണി നടത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**<u>തീരുമാനം:-</u>** ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിട്ടുള്ളതാണ്. പ്രത്യേക അനുമതി ആവശ്യമില്ല. നടപ്പിലാക്കാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

**3.62 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.07.2017-ലെ DB2/753/2012/CE/തസ്വഭവ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.06.2017-ലെ യോഗ നടപടി വിവരവും (ഖണ്ഡിക.3.22)**

മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ ബസ് സ്റ്റോപ് നിർമ്മിക്കുന്നതിന് 2015-16-ൽ 3.50 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് നടപ്പാക്കി വരുന്നു. തുക തികയാതെ വന്നതിനാൽ അധിക തുക വകയിരുത്തി. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്നതിനു പകരം ടെണ്ടർ രീതിയാക്കി. എന്നാൽ ഗുണഭോക്തൃ സമിതിയെക്കൊണ്ട് നിർമ്മാണം നടത്തി. ഈ നടപടിക്ക് സാധൂകരണം വേണമെന്ന ആവശ്യം 07.06.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തു. ഇത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ചീഫ് എഞ്ചിനീയറുടെ 11.07.2017-ലെ റിപ്പോർട്ടു പ്രകാരം സ്ഥലത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് താഴെപ്പറയുന്ന തീരുമാന മെടുക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

അധിക തുക കൂടി ഉൾപ്പെടുത്തിയുള്ള രണ്ടു പ്രോജക്ടുകൾ (പ്രോ.നം.226/17 തുക 4.95 ലക്ഷം രൂപ, പ്രോ.നം.273/17 തുക 3.00 ലക്ഷം രൂപ) ടെണ്ടറിനു പകരം ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പാക്കാവുന്നതാണ്. ഇതിനായി സുലേഖ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിന് ഐ.കെ.എം.ന് ശുപാർശ നൽകാവുന്നതാണ്. എസ്റ്റിമേറ്റിലെ കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഒഴിവാക്കിക്കൊണ്ട് പദ്ധതി രൂപീകരിച്ചിരുന്നപ്പോൾ പ്രാബല്യത്തിലുണ്ടായിരുന്ന ഡി.എസ്.ആർ നിരക്കു പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുവദിക്കാവുന്നതാണ് . ഇവയാണ് ശുപാർശകൾ

**<u>തീരുമാനം:-</u>** തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം നടപടി സ്വീകരിക്കാൻ അനുമതി നൽകുന്നു

(നടപടി - തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് )

**3.63 എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 04.07.2017-ലെ III (1)-ാം നമ്പർ ഭരണ സമിതി തീരുമാനം**

പഞ്ചായത്ത് 2013-14, 2015-16 വർഷങ്ങളിലായി കമ്പ്യൂട്ടർ പരിശീലന കേന്ദ്രം തുടങ്ങുന്നതിനായി പട്ടികജാതി വിഭാഗം കുട്ടികൾക്കായി കെട്ടിടവും മറ്റു ഭൗതിക സൗകര്യങ്ങളും ഒരുക്കിയിരുന്നു. ഇവിടെ എസ്.സി.എസ്.പി. ഫണ്ടുപയോഗിച്ച് സർക്കാർ അംഗീകൃത കോഴ്സുകൾ നടത്തുന്നതിന് LACE ഞാറയ്ക്കൽ എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തുന്നതിന് അനുമതി സംബന്ധിച്ച് ഇതിനായുള്ള പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്.

**തീരുമാനം:-** സർക്കാർ അംഗീകൃത കോഴ്സുകൾ നടത്തുന്നതിന് നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

**3.64 പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.05.2017-ലെ A3-457/17-ാം നമ്പർ കത്തും 20.05.17 ലെ 10(1)-ാം നമ്പർ ഭരണസമിതി തീരുമാനവും.**

പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ഹോളിസ്റ്റിക് സെന്ററിന്റെ തുടർ പ്രവർത്തനത്തിന് 2 അറ്റന്റർ തസ്തികയും 1 സ്വീപ്പർ തസ്തികയും സൃഷ്ടിക്കണമെന്നും തുടർ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള തൻവർഷത്തെ പ്രോജക്ടിന് ആംഗീകാരം നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-**
1) തസ്തിക സൃഷ്ടിക്കൽ സംബന്ധിച്ച് വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടതാണ്.
2) ദിവസവേതനാടിസ്ഥാനത്തിൽ 2 അറ്റൻഡർ, സ്വീപ്പർ എന്നിവരെ നിയോഗിച്ച് സെന്റർ പ്രവർത്തനം നടത്താവുന്നതാണ്. നിയമാനുസൃതമായ നിരക്കിലുള്ള വാടക നൽകാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ് )

യോഗം 3 മണിക്ക് അവസാനിച്ചു

<u>അനുബന്ധം</u>

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1 ശ്രീ. റ്റി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2 ഡോ. കെ.എൻ. ഹരിലാൽ, മെമ്പർ സ്റ്റേറ്റ്പ്ലാനിംഗ് ബോർഡ്
3 ശ്രീ. ഡോ.ജോയി ഇളമൺ, ഡയറക്ടർ, കില
4 ശ്രീ. ബി.എസ്. തിരുമേനി, റൂറൽ ഡെവലപ്മെന്റ് കമ്മീഷ്ണർ
5 ശ്രീമതി.എൻ.പ്രസന്നകുമാരി, ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്
6 ശ്രീമതി.കെ.എസ് ഉഷ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
7 ശ്രീ. എം.പി. അജിത് കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
8 ശ്രീ. വി. രതീശൻ, പഞ്ചായത്ത് ഡയറക്ടർ
9 ശ്രീ. സജികുമാർ. പി.ആർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10 ശ്രീ. എം.എസ്. നാരായണൻ നമ്പൂതിരി, ജോയിന്റ് ഡയറക്ടർ പഞ്ചായത്ത്
11 ശ്രീ. വി.എസ്. സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമ വികസന കമ്മീഷണറേറ്റ്
12 ശ്രീ. ബി.കെ. ബലരാജ് , ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്
13 ശ്രീ. ബൈജു എൽ ദാസ്, റിസർച്ച് അസിസ്റ്റന്റ്, എസ്.സി.ഡി.ഡി.
14 ശ്രീ.വി. രാമനാഥൻ, സീനിയർ കൺസൾട്ടന്റ്, എസ്.ഇ.എം.റ്റി
15 ശ്രീ ശ്രീറാം സാംബശിവ റാവു, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
16 ശ്രീ. എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
17 ശ്രീ. ഷൈൻ. എ.ആർ. ടീം ലീഡർ, ഐ.കെ.എം
18 ശ്രീ. ഡി. സാൻകി, ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റ്
19 ശ്രീമതി എൻ.കെ. ചന്ദ്ര, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
20 ശ്രീമതി. ശാരദാ ദേവി യു. സെക്ഷൻ ഓഫീസർ, എൽ.എസ്.ജി.ഡി
21 ശ്രീ. കെ. അർജ്ജുനൻ, എസ്.ആർ.ജി. മെമ്പർ

*****